# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

ആറുമാസം ദൈർഘ്യമുള്ള പരിസ്ഥിതിപഠനത്തിന്റെ കോർ മോഡ്യൂൾ സിലബസ് ബിരുദ പ്രോഗ്രാമുകൾക്ക് നടപ്പാക്കുവാനുള്ള യു.ജി.സി. നിർദ്ദേശങ്ങൾ അക്കാദമിക് കൗൺസിൽ അംഗീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

## അക്കാദമിക് എ9 സെക്ഷൻ

സ.ഉ.നം.3576/Ac.AIX/3/UGC-Environmental Studies/213-2017 തീയതി: 15.06.2017

---

പരാമർശം:- 1) 19.12.2016 ലെ യു.ജി.സി സെക്രട്ടറിയുടെ കത്ത് നം. D.O.No. F13-1/2000(EA/ENV/COS-1)

2) 27.01.2017 ലെ ബഹു: വൈസ് ചാൻസലറുടെ ഉത്തരവ്.

3) 06.05.2017 ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം.നം.61/AC/17/17121.

## ഉത്തരവ്

പരാമർശം (1) പ്രകാരം യു.ജി.സി സെക്രട്ടറി താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

ബഹു. സുപ്രീം കോടതിയുടെ 860/1991 നമ്പർ ഹർജിയിലെ 6-12-1999 തീയതിയിലെ ഉത്തരവ് പ്രകാരം പരിസ്ഥിതി പഠനത്തിന് 6 മാസദൈർഘ്യമുള്ള കോർ മോഡ്യൂൾ സിലബസ് യു.ജി.സി രൂപീകരിക്കുകയും അത് എല്ലാ ബിരുദ പ്രോഗ്രാമുകൾക്കും നിർബന്ധമായി നടപ്പിലാക്കുന്നതിനുമായി 24-08-2003 ലെ യു.ജി.സി കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. വരുന്ന അദ്ധ്യയനവർഷം മുതൽ പരിസ്ഥിതിപഠനത്തിന്റെ 6 മാസ കോർ മോഡ്യൂൾ സിലബസ് സർവ്വകലാശാലയുടേയും സർവ്വകലാശാലയുടെ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും ബിരുദ പ്രോഗ്രാമുകൾക്ക് നിർബന്ധമായും നടപ്പാക്കുന്നത് ഉറപ്പുവരുത്തണമെന്നും യു.ജി.സി.യുടെ കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു. പരിസ്ഥിതി പഠനത്തിനാവശ്യമായി യു.ജി.സി യോഗ്യതയുള്ള അദ്ധ്യാപകരെ ചുമതല പ്പെടുത്താവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. യു.ജി.സിയുടെ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പാക്കാതിരിക്കുന്നത് ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ അന്ത:സത്തക്ക് വിരുദ്ധ മാകുമെന്നും ആയത് കോടതി അലക്ഷ്യക്കുറ്റമാകുമെന്നും ആകയാൽ അപ്രകാരം സർവ്വകലാശാലക്ക് യു.ജി.സിയുടെ നടപടികൾ നേരിടേണ്ടി വരുമെന്നും പ്രസ്തുത കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

പരാമർശം (2) ലെ ബഹു. വൈസ് ചാൻസിലറുടെ ഉത്തരവ് പ്രകാരം യു.ജി.സി യുടെ മേൽ നിർദ്ദേശങ്ങൾ അക്കാദമിക കൗൺസിലിന്റെ പരിഗണനക്കായി സമർപ്പിച്ചിരുന്നു.

പരാമർശം (3) പ്രകാരം 06.05.2017 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗം 2017 മുതൽ സർവ്വകലാശാലയുടെ എല്ലാ ബിരുദ പ്രോഗ്രാമുകളിലും പരിസ്ഥിതി പഠനം ഉൾപ്പെടുത്തിയിരിക്കുന്നതായി യു.ജി.സി.യെ അറിയിക്കുവാൻ തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സതീഷ് ചന്ദ്രൻ നായർ.പി.എസ്.
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി.

പകർപ്പ്

1. വി.സി.യുടെ പി.എസ്.
2. പി.വി.സി.യുടെ പി.എസ്.
3. രജിസ്ട്രാർ/പരീക്ഷാകൺട്രോളറുടെ പി.എ.
4. ജെ.ആർ./ഡി.ആർ./എ.ആർ (അക്കാദമിക്)
5. ജെ.ആർ./ഡി.ആർ./എ.ആർ (പരീക്ഷാവിഭാഗം)
6. എ.സി.സി. സെക്ഷൻ
7. കണ്ടന്റ് മാനേജ്മെന്റ് /ഐ.ക്യു.എ.സി.
8. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. Ac.AIX/3/UGC-Environmental Studies/213-2017